LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സജി ചെറിയാൻ: സർ, 2021-22 -ൽ 98 കോടി രൂപ ഉൾനാടൻ മത്സ്യകൃഷിക്കുവേണ്ടി മാത്രം സബ്സിഡിയായി അനുവദിച്ചിട്ടുണ്ട്. അർദ്ധ, ഊർജ്ജിത, ശുദ്ധജല മത്സ്യകൃഷിക്ക് 17.70 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. സ്വകാര്യ കുളങ്ങളിലെ വിശാല കാർപ്പ് മത്സ്യകൃഷിക്ക് 85 ലക്ഷം രൂപ എന്നിങ്ങനെ 19 ഇനങ്ങളിലായി ഏതാണ്ട് 7720 ലക്ഷത്തോളം രൂപ നമുക്ക് ഇതിനകം ചെലവഴിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഈ ഇനത്തിൽ 40 ശതമാനമാണ് സബ്സിഡിയായി നൽകുന്നത്. ബയോഫ്ലോക്ക് ഉപയോഗപ്പെടുത്തിയതുകൊണ്ട് കൃഷിക്കാർക്ക് ചെറിയ തെറ്റുകൾ സംഭവിച്ചിട്ടുണ്ട്. അതുകൊണ്ടാണ് മത്സ്യകൃഷിക്കാർക്ക് പ്രയാസം നേരിടേണ്ടി വരുന്നത്. കുറച്ചുകൂടി ശാസ്ത്രീയമായി മത്സ്യക്കൃഷിയെ ഊർജ്ജിതപ്പെടുത്തേണ്ടതുണ്ട്. ഉൾനാടൻ മത്സ്യമേഖലയിലെ കൃഷിയിൽ കഴിഞ്ഞ 5 വർഷമായി വലിയ പുരോഗതിയാണ് ഉണ്ടായിട്ടുള്ളത്. അതിന്റെ കണക്ക് ഞാൻ പറയാം. 7 ലക്ഷം കുഞ്ഞുങ്ങളുടെ ഉൽപ്പാദനശേഷി വർദ്ധിച്ചു. അതായത്, 2.20 ആയിരുന്നത് വളരെ കൂടി. ഉൽപ്പാദനത്തിൽ വന്നിരിക്കുന്ന ഈ വർദ്ധനവിന്റെ ഭാഗമായി മത്സ്യ സമ്പത്തിനും വർദ്ധനവ് വന്നിട്ടുണ്ട്. നല്ല നിലയിൽ ഗവൺമെന്റ് ഉൾനാടൻ മത്സ്യകൃഷിക്കുവേണ്ടി സബ്സിഡി കൊടുക്കുന്നുണ്ട്. ഒറ്റപ്പെട്ട ഏതെങ്കിലും കേസ്സുണ്ടെങ്കിൽ അക്കാര്യം ശ്രദ്ധയിൽപ്പെടുത്തിയാൽ പരിഹാരം കാണാൻ സാധിക്കും.

മി. സ്പീക്കർ: ഓർഡർ..... ഓർഡർ ..... ചോദ്യോത്തരവേള അവസാനിച്ചിരിക്കുന്നു.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ലംപ്സം ഗ്രാന്റ് വർദ്ധിപ്പിക്കാൻ നടപടി

4 (*64) ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:
ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ലംപ്സം ഗ്രാന്റ് വർദ്ധിപ്പിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്ത് പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പോസ്റ്റ്മെട്രിക്, പ്രീമെട്രിക് വിദ്യാഭ്യാസാനുകൂല്യം മൂന്ന് വർഷത്തിലൊരിക്കൽ പരിഷ്കരിക്കണമെന്ന ബാബു വിജയനാഥ് കമ്മീഷന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ കൃത്യമായി 3 വർഷത്തിലൊരിക്കൽ വിദ്യാഭ്യാസാനുകൂല്യം പരിഷ്കരിക്കുന്നുണ്ട്. 9-1-2020-ലെ സ.ഉ.(അച്ചടി)നം.1/2020/പജപവവിവ പ്രകാരം സംസ്ഥാനത്തെ പ്രീമെട്രിക്/ പോസ്റ്റ്മെട്രിക് കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ മുൻപുള്ള നിരക്കിനേക്കാൾ 20% വർദ്ധിപ്പിച്ചിട്ടുണ്ട്.

(ബി) പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ മുന്നേറ്റത്തിന് പുതിയ പദ്ധതികൾ ആരംഭിക്കാൻ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

നിലവിലുള്ള വിദ്യാഭ്യാസാനുകൂല്യ പദ്ധതികളിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തി നടപ്പിലാക്കിവരുന്നുണ്ട്. പുതിയ വിദ്യാഭ്യാസ പദ്ധതികൾ ആവശ്യമായി വരുന്നപക്ഷം അവ നടപ്പിലാക്കുന്ന നടപടികൾ സ്വീകരിക്കുന്നതാണ്.

വനം, വന്യജീവി സംരക്ഷണം

5 (*65) ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. എം. എം. മണി:
ശ്രീ. ലിന്റോ ജോസഫ്:
ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സുസ്ഥിരമായ വനപരിപാലനം ഉറപ്പുവരുത്തുന്നതിനും വനനശീകരണം തടയുന്നതിനും വനവൽക്കരണം വർദ്ധിപ്പിക്കുന്നതിനുംവേണ്ടി ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് സുസ്ഥിരമായ വനപരിപാലനം ഉറപ്പുവരുത്തുന്നതിനും വനനശീകരണം തടയുന്നതിനും വനവൽക്കരണം വർദ്ധിപ്പിക്കുന്നതിനും വേണ്ടി താഴെ പറയുന്ന നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്:-

1. വനപരിപാലനം ഉറപ്പുവരുത്തുന്നതിനായി വനാതിർത്തികളിൽ ജണ്ടകെട്ടി സംരക്ഷിക്കൽ പ്രവൃത്തികൾ കൂടുതൽ ഊർജ്ജിതമാക്കിയിട്ടുണ്ട്.

2. കൂടുതൽ ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിച്ച് വനമേഖലയിൽ ശക്തമായ പട്രോളിംഗ് നടത്തിവരുന്നുണ്ട്. വനസംരക്ഷണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പുതുതായി 10 ഫോറസ്റ്റ് സ്റ്റേഷനുകൾകൂടി സ്ഥാപിച്ചിട്ടുണ്ട്.